**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 322** **23-01-2025 - ൽ മറുപടിയ്ക്ക്**

**മാലിന്യം വലിച്ചെറിയുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യസംസ്കരണ രംഗത്ത് സംസ്ഥാനം രാജ്യത്തിന് മാതൃകയാകുമ്പോഴും, പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പൊതു നിരത്തിൽ മാലിന്യം വലിച്ചെറിയുന്നത് പ്രധാനമായും മൂന്നു സാഹചര്യങ്ങളിലൂടെയാണ്.<br><br>1. നിലവിൽ തദ്ദേശസ്ഥാപനങ്ങൾ നിശ്ചയിച്ചിട്ടുള്ള മാലിന്യശേഖരണ സംവിധാനത്തിനോട് സഹകരിക്കാത്ത വീട്ടുകൾ/സ്ഥാപനങ്ങൾ- എന്നിവിടങ്ങളിൽ നിന്നും പൊതു നിരത്തിലേക്ക് മാലിന്യം നിക്ഷേപിക്കുന്നു.<br><br>2. തദ്ദേശസ്ഥാപനങ്ങളുടെ അറിവോ / അനുമതിയോ ഇല്ലാതെ അനധികൃത ഗ്രൂപ്പുകൾ / ഏജൻസികൾ / വ്യക്തികൾ എന്നിവർ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം ഒഴിഞ്ഞ ഇടങ്ങളിൽ നിക്ഷേപിക്കുന്നു.<br><br>3. വിനോദ സഞ്ചാര കേന്ദ്രങ്ങൾ, മേളകൾ, ജാഥകൾ, പൊതുപരിപാടികൾ എന്നിവയുടെ ഭാഗമായി ഉണ്ടാകുന്ന മാലിന്യങ്ങളും യാത്രാ വേളകളിൽ (പ്രധാനമായും KSRTC ബസ് സ്റ്റാന്റുകൾ) ഉണ്ടാകുന്ന മാലിന്യം നിക്ഷേപിക്കാൻ ഇടമില്ലാത്തത് കാരണം വലിച്ചെറിയപ്പെടുന്നു. പൊതു നിരത്തിലേക്ക് മാലിന്യം വലിച്ചെറിയാനുള്ള പ്രവണത നിരുൽസാഹപ്പെടുത്തുന്നതിനായി 2025 ജനുവരി 1 മുതൽ 7 വരെ വലിച്ചെറിയൽ വിരുദ്ധ വാരം എന്ന ബഹുജന വിദ്യാഭ്യാസ ക്യാമ്പയിൻ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സംഘടിപ്പിച്ചു. |
| (ബി) | പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ടീം വഴിയുള്ള നിയമ | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | നടപടികൾ കൂടുതൽ ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിന് എതിരെ കേരള പഞ്ചായത്തീ രാജ് ആക്ട് 2024-ലെ ഭേദഗതി ചട്ടം 219 എൻ, കേരള മുനിസിപ്പാലിറ്റി ആക്ട് 2024-ലെ ഭേദഗതി ചട്ടം 340 എന്നിവ പ്രകാരം സ്ഥാപനതലത്തിൽ വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ എല്ലാ ജില്ലകളിലും LSGD ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ പരിശോധിച്ച് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു |
| (സി) | ക്യാമറാ നിരീക്ഷണത്തിന് പുറമേ, കൂടുതൽ മാലിന്യം നിക്ഷേപിക്കുന്ന പൊതുസ്ഥലങ്ങൾ കണ്ടെത്തി മാപ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>പൊതു ഇടങ്ങളിലെ മാലിന്യ കൂനകൾ നീക്കം ചെയ്യൽ, ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കൽ എന്നിവക്കായി തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ മാലിന്യ കൂനകൾ (GVP-Garbage Vulnerable Point) കണ്ടെത്തി ജിയോ ടാഗ് ചെയ്തു. ഹരിത മിത്രം അപ്ലിക്കേഷൻ, വാർ റൂം പോർട്ടൽ , സിംഗിൾ വാട്സ് ആപ് നമ്പർ (9446700800) എന്നിവ വഴി GVP കൾ കണ്ടെത്തുന്നതിനും അവ റിപ്പോർട്ട് ചെയ്യുന്നതിനും ഉള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇവ നീക്കം ചെയ്യുന്നത് ഉറപ്പിക്കാനായി വാർ റൂം പോർട്ടൽ വഴിയുള്ള നിരീക്ഷണവും നടപ്പിലാക്കുന്നു. മാലിന്യം നിക്ഷപിക്കുന്ന പൊതുസ്ഥലങ്ങൾ കണ്ടെത്തി അവ ശുചീകരിച്ച് തുടർപ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ സംഘടനകളെ ഏർപ്പെടുത്തി ജനുവരി 1 മുതൽ 7 വരെ വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിൻനടത്തി. |
| (ഡി) | മാലിന്യം ശേഖരിക്കാനുള്ള ബിന്നുകൾ പ്രധാന കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നുവെന്നും അവ കൃത്യമായി പരിപാലിക്കുന്നുവെന്നും ജനകീയ സഹകരണത്തോടെ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്.<br><br>ജനകിയ വിദ്യാഭ്യാസ പരിപാടിയിൽ ഊന്നൽ നൽകി നടത്തി വരുന്ന മാലിന്യ മുക്തം നവകേരളം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ / ഉന്നത വിദ്യാഭ്യാസ/ യുവജന ക്ഷേമ വകുപ്പുകളുടെ സഹകരണത്തോടെ ബൃഹത്തായ ഐഇസി പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>• G.O.(R.T)No.1971/2023/LSGD, dated 07/10/2023 പ്രകാരം വ്യാപാര സ്ഥാപനങ്ങളിൽ രണ്ട് ബിന്നുകൾ സ്ഥാപിക്കുന്നതിനും ഇത് സ്ഥാപന ഉടമകൾ |

| | | | |
|---|---|---|---|
| | | | തന്നെ പരിപാലിക്കുന്നതിനുമുള്ള നിർദേശങ്ങൾ നിലവിലുണ്ട്. കൂടാതെ പൊതു സ്ഥലങ്ങളിലും റോഡ് സൈഡിൽ 500 മീറ്റർ ഇടവിട്ടും, പൊതു പരിപാടികൾ നടക്കുന്ന സ്ഥലങ്ങളിൽ സംഘാടകരുടെ നേതൃത്വത്തിലും ബിന്നുകൾ വയ്ക്കുന്നതിനു നിർദേശം നൽകിയിട്ടുണ്ട്.<br>• ബിന്നുകളുടെ മേൽനോട്ട ചുമതല തൊട്ടടുത്ത വ്യാപാര സ്ഥാപനങ്ങൾക്കോ, ജനകീയ സംഘടനകൾക്കോ നൽകി ഇവരുടെ സഹകരണവും ഉറപ്പാക്കുന്നതിനു നിർദേശം നൽകി.<br>• ഇത്തരത്തിൽ സ്ഥാപിക്കുന്ന ബിന്നുകളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ ഹരിത കർമ്മ സേനയെ ഉപയോഗിച്ച് പ്രത്യേക ഫീസ് നൽകി MCF ൽ കൊണ്ടുവന്നു തരംതിരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ